ദനഹാക്കാലം അഞ്ചാം ഞായർ

മത്താ 5:17-26

# യേശു എല്ലാം പൂർത്തീകരിക്കുന്നവൻ

**ഡോ. ജോസഫ് മണവാളൻ**

## പശ്ചാത്തലം

യേശുവിന്റെ മലയിലെ പ്രസംഗത്തിലെ ഭാഗമാണിത്. മോശ നിയമം സ്വീകരിച്ചു ജനത്തിന് വ്യാഖ്യാനിച്ചതുപോലെ യേശുവും നിയമം ജനത്തിനായി വ്യാഖ്യാനിക്കുന്നു. യേശുവിന്റെ സമകാലികമായ ഫരിസേയരാണ് ഔദ്യോഗികമായി നിയമം വ്യാഖ്യാനിച്ചിരുന്നത്. എന്നാൽ യേശുവിന്റെ സ്നേഹനിയമം നിയമത്തിന്റെ വള്ളിപുള്ളികളെക്കാൾ അതിന്റെ ചൈതന്യത്തെ അടയാളപ്പെടുത്തുന്നു.

## വ്യാഖ്യാനം

നിങ്ങൾ വിചാരിക്കരുത്: യേശുവിന്റെ ഗിരിപ്രഭാഷണം പരാമർശിക്കുന്ന അനുഗ്രഹങ്ങളുടെ പുതിയ യുഗം പഴയനിയമം ഇല്ലാതാക്കിയേക്കാം എന്ന തെറ്റായ ധാരണയെ തിരുത്തുന്നതാണ് നിങ്ങൾ വിചാരിക്കരുത് എന്ന പ്രയോഗം. നിയമം എന്നത് ഹിബ്രു ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളായ തോറ അല്ലെങ്കിൽ പഞ്ചഗ്രന്ഥത്തെ സൂചിപ്പിക്കുന്നു. പ്രവാചകന്മാർ എന്നത് പ്രവാചകഗ്രന്ഥങ്ങൾ, സാമുവൽ, രാജാക്കന്മാർ, ദിനവൃത്താന്തങ്ങൾ എന്നീ ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. ചുരുക്കത്തിൽ, നിയമവും പ്രവാചകന്മാരും എന്നത് പഴയനിയമഗ്രന്ഥങ്ങളെ മുഴുവൻ സൂചിപ്പിക്കുന്നു.

നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കുവാനല്ല, പൂർത്തിയാക്കാൻ: ഗ്രീക്ക് പദമായ kataluo ആണ് അസാധുവാക്കുക എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. നശിപ്പിക്കുക, തകർക്കുക, പൊളിക്കുക എന്നാണ് ഇതിന്റെ അർത്ഥം. നിയമത്തെയോ പ്രവാചകന്മാരെയോ നശിപ്പിക്കാനാണ് താൻ വന്നതെന്ന ആരോപണത്തെ യേശു ശക്തമായി നിഷേധിക്കുന്നു. നിയമത്തെക്കുറിച്ച് യേശുവിന് വളരെ നല്ല വീക്ഷണമുണ്ട്. അസാധുവാക്കനല്ല പൂർത്തിയാക്കാനാണ് ഞാൻ വന്നത് എന്നതിലൂടെ വളരെ വ്യക്തവും ആസൂത്രിതവുമായ ഒരു ദൗത്യം തനിക്ക് പൂർത്തിയാക്കാനുണ്ട് എന്ന ധ്വനിയാണ് യേശു നൽകുന്നത്.

Pleroo എന്ന ഗ്രീക്കുപദമാണ് പൂർത്തിയാക്കുക എന്നതിന് ഉപയോഗിച്ചിട്ടുള്ളത്. പൂർണമാക്കുക, നിറയ്ക്കുക, ഇതിനായി ആരംഭിച്ച എന്തെങ്കിലും പൂർത്തിയാക്കുക എന്നെല്ലാമാണ് ഇതിനർത്ഥം. യേശു വന്നത് പഴയനിയമത്തിൽ ആരംഭം കുറിച്ചത് പൂർത്തിയാക്കാനാണ്. നിയമത്തിന്റെ പൂർണമായ ആഴവും ചൈതന്യവും മനസിലാക്കാൻ സഹായിക്കുക എന്നത് തീർച്ചയായും യേശുവിന്റെ ദൗത്യത്തിന്റെ ഭാഗമാണ്. ഫരിസേയരുടെ സുരക്ഷിതമായ വ്യാഖ്യാനങ്ങൾക്കപ്പുറം നിയമം യഥാർത്ഥത്തിൽ എന്താണ് സൂചിപ്പിക്കുന്നതെന്ന് തന്റെ അനുയായികൾ മനസിലാക്കണമെന്ന് യേശു ആഗ്രഹിക്കുന്നു. ഉദാഹരണത്തിന്, കൊല്ലരുത് എന്ന കല്പന വ്യാഖ്യാനിക്കുമ്പോൾ ഒരു വ്യക്തിയോടുള്ള പകയും ദേഷ്യവും അനാദരവും കൊലപാതകത്തിന് തുല്യമാണെന്ന് (5:21-26) യേശു വ്യാഖ്യാനിക്കുന്നു. അതുപോലെതന്നെ വ്യഭിചാരം (5:27-30), വിവാഹമോചനം (5:31-32), ആണയിടൽ (5:33-37), പ്രതികാരം (5:38-42), ശത്രുക്കളോടുള്ള സ്നേഹം (5:43-48) എന്നിവയ്ക്കും സമാനമായ രീതിയിൽ യേശു പുനർവ്യാഖ്യാനം നൽകുന്നു.

ഫരിസേയരെയും നിയമജ്ഞരെയും അതിലംഘിക്കുന്ന നീതി: പൂർവികരുടെ പാരമ്പര്യം എന്ന് വിളിക്കപ്പെടുന്ന വാചിക പാരമ്പര്യത്തിൽ കൈമാറ്റം ചെയ്യപ്പെട്ട നിയമത്തിന്റെ സൂക്ഷ്മതകൾ കർശനമായി പാലിക്കുന്ന നിയമത്തിന്റെ ഭക്തരായിരുന്നു ഫരിസേയരും നിയമജ്ഞരും. സാധാരണക്കാരുടെ ഇടയിൽ അവർ ഏറ്റവും വിശുദ്ധരായി കണക്കാക്കപ്പെട്ടിരുന്നു. ഫരിസേയരെയും നിയമജ്ഞരെയും അതിലംഘിക്കുന്ന നീതി എന്ന യേശുവിന്റെ പ്രസ്താവന അവന്റെ ശ്രോതാക്കളെ ഞെട്ടിക്കുകയും ഫരിസേയരെ രോഷാകുലരാക്കുകയും ചെയ്തിരിക്കണം.

ഒരുവന്റെ നീതി എങ്ങനെ സമൂഹത്തിലെ ഏറ്റവും നീതിമാന്മാരെ മറികടക്കും? അതിനുള്ള ഉത്തരമാണ് പിന്നീടുള്ള ഭാഗത്ത് യേശു നൽകുക. നിയമത്തിന്റെ ശരിയായ ആചരണം ബാഹ്യമായ/ഉപരിപ്ലവമായ പ്രവൃത്തിയിലല്ല, മറിച്ച്, നിയമത്തിന്റെ ചൈതന്യം പേറുന്ന ജീവിതത്തിലാണെന്ന് യേശു വിശദീകരിക്കുന്നു. കൊലപാതകം, വ്യഭിചാരം, വിവാഹമോചനം, ആണയിടൽ, പ്രതികാരം, ശത്രുക്കളെ വെറുക്കുക തുടങ്ങിയ കൽപനകളുടെ ജനകീയ വീക്ഷണത്തെ നിയമത്തിന്റെ യഥാർത്ഥ ചൈതന്യവുമായി താരതമ്യം ചെയ്തുകൊണ്ട് യേശു വിശദീകരിക്കുന്നു.